# നോമ്പുക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### മത്താ 20,17-28

**"ക്രിസ്തു പന്ത്രണ്ട് അപ്പസ്തോലൻമാർ എന്ന്**
**സ്വപ്നം കണ്ടപ്പോൾ**
**സെബദിപുത്രൻമാരുടെ മാതാവ് കണ്ട സ്വപ്നം**
**"പത്ത് + രണ്ട്"**
**രണ്ട് പേരുടെ കീഴിൽ പത്ത് പേർ എന്നതാണ്"**

ആത്മത്യാഗത്തിന്റെ കുരിശിന്റെ വഴിയെ നടക്കാനുള്ള വിളി മറന്ന് ജീവിത സുഖങ്ങളുടെ വിശാലമായ വീഥി തിരഞ്ഞെടുക്കുമ്പോൾ കർത്താവിന് നമ്മളെ ഓർമ്മപ്പെടുത്താനുള്ളത് ഒന്നുമാത്രം, "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും, നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മത്താ 20,27) കാരണം, ഞാൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും വേണ്ടിയാണ്. ഈ ചിന്ത ബോദ്ധ്യമായി എത്രപേരുടെ ഹൃദയഫലകങ്ങളിൽ എഴുതി ചേർക്കപ്പെട്ടിട്ടുണ്ട്? എനിക്ക് ശേഷം പ്രളയം എന്ന് ചിന്തിക്കുന്നവരുടെ വലിയബോദ്ധ്യം, 'വിജയം... അത് തനിക്ക് വേണ്ടി മാത്രം മാറ്റി വച്ചിട്ടുള്ള ഒന്നാണ്' എന്നതാണ്. പക്ഷെ, ചരിത്രം പഠിപ്പിക്കുന്നത് 'നീ വെട്ടിപിടിച്ചതും, പിടിച്ചടക്കിയതും, പങ്കുവയ്ക്കാതെ സ്വരുചേർത്തതും ഇന്നല്ലെങ്കിൽ നാളെ അപരൻ കരസ്ഥമാക്കും' എന്നത് തന്നെയാണ്.

"ബാക്കി പത്തുപേർക്കും
ആ രണ്ടു
സഹോദരൻമാരോട്
അമർഷംതോന്നി"
(മത്താ 20,24)
പക്ഷെ,
ക്രിസ്തു സ്നേഹത്തോടെ
ചേർത്തുനിർത്തി
തെറ്റ് തിരുത്തി കൊടുത്തു!

വചനത്തിലേയ്ക്ക് കണ്ണോടിക്കുകയാണെങ്കിൽ സമ്പത്തിന്റെ, സ്ഥാനമാനങ്ങളുടെ, അധികാരത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ദർശനങ്ങൾ കാണാം. ക്രസ്തു ജനക്കൂട്ടത്തോട് പറഞ്ഞ ഉപമ ശ്രദ്ധിക്കുക. ഒരു ധനികൻെറ കൃഷി സ്ഥലം സമൃദ്ധമായ വിളവു നൽകി. അവൻ ചിന്തിക്കുകയാണ്,

"ഞാനെന്തു ചെയ്യും? ഈ ധാന്യം മുഴുവൻ സൂക്ഷിക്കാൻ എനിക്കു സ്ഥലമില്ലല്ലോ. അവൻ പറഞ്ഞു: ഞാൻ ഇങ്ങനെ ചെയ്യും? എൻെറ അറപ്പുരകൾ പൊളിച്ച്, കൂടുതൽ വലിയവ പണിയും. അതിൽ എൻെറ ധാന്യവും വിഭവങ്ങളും സംഭരിക്കും. അനന്തരം ഞാൻ എൻെറ ആത്മാവിനോടു പറയും: 'ആത്മാവേ, അനേകവർഷത്തേക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക.'"

എന്നാൽ, മനുഷ്യന്റെ പദ്ധതികൾ തകിടം മറിയ്ക്കുന്ന ദൈവം അവനോടു തിരിച്ച് ചോദിക്കുകയാണ്;

"ഭോഷാ, ഈ രാത്രി നിൻെറ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?"

ചങ്കിൽ ഉൽക്ക പതിച്ചതുപോലെയുള്ള ക്രിസ്തുവിന്റെ ചോദ്യത്തിന് പുറകെ വാൽകഷണം പോലെ ജനക്കൂട്ടത്തിന് വേണ്ടി ചേർത്തുവയ്ക്കുകയാണ്, "ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി മാത്രം സമ്പത്തു ശേഖരിച്ചു, അതിന് വേണ്ടി മാത്രം പരക്കം പാഞ്ഞ് നടക്കുന്നവൻ നഷ്ടപ്പെടുത്തുന്നത് സ്വന്തം ജീവിതം തന്നെയാണ്!"

അതുകൊണ്ടാണ് ക്രിസ്തു ഇപ്രകാരം പറഞ്ഞ് വച്ചത്, "നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മത്താ 20, 26 - 27). മനുഷ്യന്റെ സഹജവാസനയാണ് ഒന്നാം സ്ഥാനത്തിന് വേണ്ടി അക്ഷീണം പ്രയത്നിക്കുക എന്നത്. മനുഷ്യരുടെ ഇടയിൽ ഇന്ന് കാണാൻ ഏറെ ക്ലേശകരമായതും അതേസമയം തന്നെ ഏവരും ആഗ്രഹിക്കുന്നതുമായ വലിയ നന്മ എന്താണെന്ന് ചോദിച്ചാൽ ഉത്തരം ഒന്നുമാത്രം, "എളിമ അഥവ വിനയം." എല്ലാവരുടെയും ആഗ്രഹം മറ്റുള്ളവർ താഴണം എന്നതാണ്. സ്വയം താഴണമെന്ന് ഒരിക്കൽ പോലും ആരും ആഗ്രഹിക്കുന്നുമില്ല.

യാക്കോബും യോഹന്നാനും അവരുടെ മാതാവും, ക്രിസ്തുവിന്റെ വഴി തടയുന്നു. അവരുടെ ആവശ്യം, തങ്ങൾക്ക് അധികാരം വേണമെന്ന്. പക്ഷേ, ക്രിസ്തു പറയുന്നു, "അധികാരം വേണമെങ്കിൽ ശുശ്രൂഷ ചെയ്യുക" എന്ന്.

കഴിഞ്ഞ ദിവസം വളരെ രസകരമായ ഒരു സംഭവം അരങ്ങേറി. ഒരു ചെരുപ്പ് വാങ്ങിക്കാനായി കടയിൽ പോയതാണ്. വിവിധങ്ങളായ ചെരുപ്പുകൾ കണ്ട് അതിൽ ഏറ്റവും ഇഷ്ടപ്പെട്ട ചെരുപ്പ് വാങ്ങുന്ന സമയത്താണ് 'പ്ലസ് ടു'വിൽ കൂടെ പഠിച്ച ഒരുവനെ കാണുന്നത്. അവന്റെ കല്ല്യാണത്തിന് വേണ്ടി ചെരുപ്പ് വാങ്ങാൻ വന്നതാണ്. വർത്തമാനം പറഞ്ഞ് നിൽക്കുന്നതിന്റെ ഇടയിൽ അവൻ കടക്കാരനോട് പറഞ്ഞു, "ചേട്ട, കല്ല്യാണമാണ്... വിവാഹത്തിന് ഇടാൻ പാകത്തിന് ഒരു ജോഡി ചെരുപ്പ് വേണം. നല്ല 'ഹീല്' ഉള്ളതായിക്കോട്ടെ!"

ആ ആവശ്യത്തിൽ ഒരു വശപിശക് ഉള്ളതുകൊണ്ട് ഞാൻ അവനോട് ചോദിച്ചു, "നിനക്ക് ആവശ്യത്തിന് ഉയരം ഉണ്ടല്ലോ. പിന്നെ, എന്തിനാണ് നിനക്ക് ഇത്ര 'ഹീലു'ള്ള ചെരുപ്പ്?"

അതിന് മറുപടിയായി കൂട്ടുക്കാരൻ പറയുകയാണ്, "എനിക്കും ഞാൻ കെട്ടാൻ പോകുന്നവൾക്കും ഉയരം സമമാണ്. എന്നാലും, ഞാനല്ലേ അവളുടെ കെട്ടിയോൻ. അപ്പോൾ, എനിക്കല്ലേ ഒരൽപ്പം ഉയരം കൂടുതൽ വേണ്ടത്!"

ഒന്നാമനാകാനും വലുതാകാനും അപരന്റെ ചങ്കിൽ നിലയുറപ്പിക്കാനും എന്നും തർക്കമാണ്. ചരിത്രത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ, രാഷ്ട്രീയത്തിലെ പേജുകൾ പിന്നോട്ട് മറിയ്ക്കുമ്പോൾ, ശിഥിലമായ കുടുംബങ്ങളെ പാഠപുസ്തകമാക്കുമ്പോൾ, ജീവനില്ലാത്ത ക്ലാസ്മുറികളിലേയ്ക്ക് ഊളിയിടുമ്പോൾ മനസിലാകുന്നത്, "പ്രശ്നങ്ങളുടെ കാരണം ആരുടെ അധികാരമാണ് വലുത്? ആരുടെ ശബ്ദത്തിനാണ് ശക്തിയുള്ളത്?" എന്നുള്ള തർക്കങ്ങളാണ്. എല്ലാവർക്കും വലുതാകാനാണ് താത്പര്യം. ആർക്കും ചെറുതാകാനും, കുറയാനും നിന്നുകൊടുക്കാൻ താത്പര്യമില്ല. രാജാവിന് ചക്രവർത്തിയാകാനാണ് താത്പര്യമെങ്കിൽ മന്ത്രിക്കാഗ്രഹം രാജാവാകാനാണ്. പഞ്ചായത്ത് മെമ്പർക്ക് പഞ്ചായത്ത് പ്രസിഡന്റ് ആകാനാണ് ആഗ്രഹമെങ്കിൽ പഞ്ചായത്ത് പ്രസിഡന്റിന് എം.എൽ.എ ആകാനാണ് ആഗ്രഹം. ക്രിസ്തു പകുവച്ചത് വലുതാകലിന്റെ സുവിശേഷം തന്നെയാണ്. പക്ഷെ, ആ സുവിശേഷം ചെറുതാകുന്നതിലൂടെ, എളിമയിലൂടെ, വിനയത്തിലൂടെ ദൈവരാജ്യത്തിൽ വലുതാകുന്നതാണ്.

കഴിഞ്ഞ ദിവസം മുറിയിലേയ്ക്ക് കടന്നുവന്ന അഞ്ച് വയസ്സുക്കാരി ചോദിച്ച ഒരു കുസൃതി ചോദ്യം കണ്ണുതുറപ്പിക്കുന്നതായിരുന്നു. ചോദ്യം ഇപ്രകാരമായിരുന്നു;

"ഒറ്റ രൂപയും ആയിരം രൂപയും സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്നും . സ്കൂട്ടർ ഓടിച്ചിരുന്നത് ഒറ്റ രൂപായാണ്. രണ്ടു കൂട്ടരും ഹെൽമെറ്റ് വച്ചിരുന്നില്ല . മുൻപിൽ പോകുന്ന കെ.എസ്. ആർ. ടി. സി. ബസ്സിനെ മറികടക്കുന്നതിനിടയിൽ എതിരെ വന്ന പാണ്ടി ലോറി ഇടിച്ചു രണ്ട് പേരും തൽക്ഷണം മരിച്ചും. മരിച്ച ഒറ്റ രൂപാ സ്വർഗ്ഗത്തിലും ആയിരം രൂപാ നരകത്തിലും പോയി. എന്താ കാര്യം???"

വിവിധങ്ങളായ ഉത്തരം പറഞ്ഞിട്ടും ശരിയാകാതെ വന്നപ്പോൾ അവസാനം തോൽവി സമ്മതിച്ചു. ലോകം വെട്ടിപിടിച്ച സന്തോഷത്തിൽ, വലിയ ചിരിയോടെ, അവൾ തന്നെ ഉത്തരം പറഞ്ഞു.

"ഒറ്റ രൂപാ എല്ലാ ദിവസവും പള്ളിയിലും അമ്പലത്തിലും പോകുമായിരുന്നു, ആയിരം രൂപയാകട്ടെ എല്ലാ ദിവസവും ബാറിലും ഷാപ്പിലുമായിരുന്നും പോയിരുന്നത്..."

എത്രയോ സത്യം! വലുതുകൾക്കൊന്നും പള്ളിയിൽ പോകാൻ, ദൈവത്തെ കാണാൻ സമയമില്ല. കാരണം, അവന്റെ അല്ലെങ്കിൽ അവളുടെ വിചാരം താനാണ് ഈ ലോകത്തിലെ ഏറ്റവും വലിയവൻ അല്ലെങ്കിൽ വലിയവൾ എന്നാണ്. അതുകൊണ്ട് തന്നെ ദൈവത്തെയും സഹോദരനെയും മറന്ന് കൊണ്ടാണ് പലപ്പോഴും ജീവിതം തന്നെയും. വിനയത്തോടെ, എളിമയോടെ ദൈവത്തിങ്കലേയ്ക്ക് ഒരടി വയ്ക്കുമ്പോൾ ദൈവം നമ്മളിലേയ്ക്ക് രണ്ടടി വയ്ക്കുന്നു.

കർത്താവിന് ഏറ്റവും ഇഷ്ടപ്പെട്ട മൂന്ന് ശിഷ്യരുടെ പേരുകൾ എഴുതാൻ പറഞ്ഞാൽ ഏതു കുഞ്ഞും എഴുതി വയ്ക്കുന്ന മൂന്ന് പേരുകൾ, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നാണ്. കാരണം, യാക്കോബും യോഹന്നാനും, പത്രോസും കർത്താവിന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളായിരുന്നു. ക്രിസ്തുവിന്റെ ഊണിലും ഉറക്കത്തിലും, എന്തിനേറെ, ക്രിസ്തുവിന്റെ ഏകാന്ത പ്രാർത്ഥനയിൽ പോലും നിറ സാന്നിദ്ധ്യമായി പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കർത്താവ് കൂടെ കൂട്ടുന്നുണ്ട്. പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും നിഴലുപോലെ കൂടെ നിർത്തിയിട്ടും സെബദിപുത്രൻമാരുടെ മാതാവിന്റെ ആഗ്രഹം കർത്താവിന്റെ ഇടവും വലവും ആണ്. ചുരുക്കത്തിൽ, മറ്റ് പത്തുശിഷ്യൻമാരെ പോലും തങ്ങൾക്ക് താഴെ നിറുത്തുന്ന അധികാരം. അതിന് വേണ്ടി എന്തു ത്യാഗവും സഹിക്കാനും അവർ തയ്യാറാണ്.

ഇവിടെയാണ് ക്രിസ്തു പഠിപ്പിക്കുന്നത്, "നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മത്താ 20, 26-27).

"നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്...." അധികാരത്തിന് വേണ്ടിയുള്ള പോർവിളിയല്ല നിങ്ങൾ നടത്തേണ്ടത്. മറിച്ച്, ക്രിസ്തുവിന്റെ അനുയായികൾ, ക്രിസ്തുശിഷ്യർ സ്വന്തമാക്കേണ്ടത് മറ്റുള്ളവരുടെ കാല് കഴുകുന്ന ശൈലിയായിരിക്കണം. തന്നേക്കാൾ ചെറിയവനെ പോലും കസേരയിലിരുത്തി അവന്റെ മുമ്പിൽ മുട്ടിൻമേൽ ഇഴഞ്ഞ് കാലുകൾ കഴുകി കൊടുക്കുന്ന ശൈലി. ഇതാണ് ക്രിസ്തുവാനുകരണം.

മക്കളുടെ സമർപ്പണ
ജീവിതത്തിൽ
അഭിമാനത്തോടെ
അവർക്ക് വേണ്ടി
പ്രാർത്ഥിക്കേണ്ട അമ്മ
മക്കൾക്കുവേണ്ടി
ശുപാർശയുമായി പോകുന്നു!
കർത്താവ്
ഇതിനെ കല്ലിൻമേൽ
കല്ലുശേഷിക്കാതെ
തകർക്കുന്നു...

***"തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കം അവരുടെയിടയിൽ ഉണ്ടായി.***
***അപ്പോൾ ക്രിസ്തു അവരോടു പറഞ്ഞു:***
***നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും***
***അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം."***

ലൂക്കാ 22,24-26



ഫാ. ജോബി മേനോത്ത് : +91 944 7777 931